**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 321** **04-10-2021 - ൽ മറുപടിയ്ക്ക്**

**കൽപ്പറ്റ ടൗൺ നവീകരണം പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കൽപ്പറ്റ ടൗൺ നവീകരണ പദ്ധതി സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | അവലോകനം നടത്തിയിട്ടുണ്ട്. ഠൗൺ നവീകരണത്തിന്റെ ഭാഗമായി കൽപ്പറ്റ നഗരത്തിന്റെ റോഡിന്റെ ഇരുവശങ്ങളിലും ഡ്രെയിനേജ്, നടപ്പാത, കൈവരി, ഒരു ഭാഗത്ത് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നിവയാണ് പ്രവൃത്തികൾ. ആയതിൽ ഒരു ഭാഗത്ത് നടപ്പാത, കൈവരി എന്നീ പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. മറുഭാഗത്ത് കരാറുകാരന്റെ അലംഭാവം മൂലം പ്രവൃത്തി മന്ദഗതിയിലാണ്. |
| (ബി) | കൽപ്പറ്റ ടൗൺ നവീകരണ പദ്ധതിക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | 2 കോടി രൂപ. |
| (സി) | പ്രസ്തുത പ്രദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (സി) | നഗരത്തിന്റെ ഒരു വശം കൈവരി സ്ഥാപിച്ചു. നടപ്പാത ടൈൽപാകി മനോഹരമാക്കി. തെരുവുവിളക്ക് പോസ്റ്റുകൾ സ്ഥാപിച്ചു. |
| (ഡി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ഡി) | നഗരത്തിന്റെ ഒരു ഭാഗത്ത് ഏകദേശം 2 കി.മീ ദൂരം പ്രവൃത്തി ആരംഭഘട്ടത്തിലാണ്. നടപ്പാത, കൈവരി സ്ഥാപിക്കൽ, ടൈൽ പാകൽ എന്നീ പ്രവർത്തികൾ പൂർത്തിയാക്കാനുണ്ട്. |
| (ഇ) | കൽപ്പറ്റ ടൗൺ നവീകരണ പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക വിവിധ പദ്ധതികൾ പൂർത്തീകരിക്കാൻ പര്യാപ്തമല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ആവശ്യത്തിനായി അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഇ) | ഉണ്ട്. അധിക തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക്, ഫണ്ട് ലഭ്യത അനുസരിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ